**പതിമൂന്നാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3337 24.02.2016-ൽ മറുപടിയ്ക്ക്

## മൂവിംഗ് തീയേറ്റർ

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ.രാജു എബ്രഹാം | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പ മന്ത്രി) |
| (എ) ഗ്രാമങ്ങളിൽ മിനിതിയറ്റർ സ്ഥാപിക്കുന്നതിനും മൂവിംഗ് തിയേറ്റർ എന്ന ആശയം നടപ്പാക്കുന്നതിനും ചലച്ചിത്ര വികസന കോർപ്പറേഷൻ വഴിയോ ചലച്ചിത്ര അക്കാദമി വഴിയോ നീക്കം നടത്തിയിട്ടുണ്ടോ; എങ്കിൽ എവിടെയൊക്കെയെന്നും, പദ്ധതിയുടെ വിശദാംശങ്ങളും വെളിപ്പെടുത്തുമോ? | (എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യമായ ഭൂമി പാട്ടത്തിന് നൽകുന്ന പ്രദേശങ്ങളിൽ പൊതുസ്വകാര്യ പങ്കാളിത്ത മാതൃകയിൽ തീയേറ്ററുകൾ സ്ഥാപിക്കുന്ന പദ്ധതി കെ.എസ്.എഫ്.ഡി.സി ആവിഷ്കരിച്ചിട്ടുണ്ട്. നല്ല സിനിമകൾ ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിനായി ചലച്ചിത്ര അക്കാദമി ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന പദ്ധതിയാണ് ടൂറിംഗ് ടാക്കീസ് എന്ന സഞ്ചരിക്കുന്ന ചലച്ചിത്ര പ്രദർശനങ്ങൾ. ഗ്രാമങ്ങളിലെ ജനങ്ങൾക്ക് നല്ല സിനിമകളെ പരിചയപ്പെടുത്തുക എന്നതാണ് ഇതിന്റെ ഉദ്ദേശലക്ഷ്യം. ഇതിനായി കേരളത്തിലെ വിവിധ ഫിലിം സൊസൈറ്റികൾ, വിവിധ കലാ സാംസ്കാരിക സംഘടനകൾ, സ്കൂൾ-കോളേജ് ഫിലിം ക്ലബ്ബുകൾ എന്നിവരുടെ സഹകരണത്തോടെ സിനിമാ പ്രദർശനം നടത്തിവരുന്നു. കൂടാതെ അക്കാദമി സംഘടിപ്പിക്കുന്ന ചലച്ചിത്രമേളയുമായി ബന്ധപ്പെട്ട് കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ ഒരു മാസത്തോളം നീണ്ടു നിൽക്കുന്ന സിനിമാ പ്രദർശനവും നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ